(ബി) ക്ഷേത്രഭക്തൻമാരുടെ വിശ്വാസത്തെ വ്രണപ്പെടുത്തിയ ഈ നടപടിയിൽ പ്രതിഷേധിച്ച് 2000 ഏപ്രിൽ 15-ന് മാരാരിക്കുളം പോലീസ് സ്റ്റേഷനിലേക്ക് സ്ത്രീകൾ പ്രതിഷേധമാർച്ച് നടത്തുകയുണ്ടായോ ;

(സി) പ്രതിഷേധ മാർച്ച് നടത്തിയവർക്ക് പൊതുയോഗത്തിന് ഉച്ചഭാഷണി ഉപയോഗിക്കുവാൻ അനുമതി നൽകിയോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഈ പ്രതിഷേധമാർച്ചിനെതിരെ നടത്തിയ മറ്റൊരു ജാഥയ്ക്ക് മൈക്ക് പെർമിഷൻ നൽകുകയുണ്ടായോ ;

(ഇ) വിശ്വാസത്തെ വ്രണപ്പെടുത്തിയതിനെതിരെ നടത്തിയ പ്രതിഷേധ മാർച്ചിന് മൈക്ക് പെർമിഷൻ നൽകാതിരുന്നപ്പോൾ അതിനെ എതിർത്ത ജാഥയ്ക്ക് മൈക്ക് പെർമിഷൻ നൽകിയത് എന്തുകൊണ്ടെന്ന് പറയുമോ ?

ഉത്തരം

(എ) സി.ഐ.യോ പോലീസുകാരോ ക്ഷേത്രത്തിൽ പ്രവേശിക്കുകയോ ഭക്തജനങ്ങളെ ഭീഷണിപ്പെടുത്തുകയോ ആയ സംഭവം ഉണ്ടായിട്ടില്ല. എന്നാൽ ക്ഷേത്രകമ്മിറ്റി പ്രസിഡന്റും മറ്റ് 10 പേരും പ്രതികളായിട്ടുള്ള കേസ്സിന്റെ അന്വേഷണം നടത്തുന്നതിനായി ക്ഷേത്ര കമ്മിറ്റി ആഫീസിൽ പോയിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തിയിരുന്നു.

(സി-ഇ) വിവരം ശേഖരിച്ചു വരുന്നു.

ക്രൈം സ്റ്റോപ്പർ സെൽ

65 (72) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ക്രൈം സ്റ്റോപ്പർ സെൽ രൂപീകരിച്ച ശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ലഭിച്ച എല്ലാ പരാതികളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സിറ്റി പരിധിയിൽ 2147 പരാതികളും റൂറൽ മേഖലയിൽ 532 പരാതികളും ലഭിച്ചിട്ടുണ്ട്.

(ബി) എല്ലാ പരാതികളിലും നടപടിയെടുത്തിട്ടുണ്ട്.

വ്യാജ വിഷമദ്യ ദുരന്തങ്ങൾ

66 (73) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിഷമദ്യമോ വ്യാജ മദ്യമോ കുടിച്ചതിന്റെ ഫലമായി എത്ര മരണങ്ങളുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly